**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 535** **10-07-2024 - ൽ മറുപടിയ്ക്ക്**

**സമുദ്ര ബസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യ വിപണനം നടത്തുന്ന വനിതകളുടെ യാത്രാ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യും ഫിഷറീസ് വകുപ്പും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ സമുദ്ര ബസ്സിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മത്സ്യ വിപണനത്തിലേർപ്പെടുന്ന വനിതകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മനസിലാക്കി കെ.എസ്.ആർ.ടി.സി.യും ഫിഷറീസ് വകുപ്പും സംയുക്തമായി സമുദ്ര ബസ് സർവ്വീസിന് 2021-22 വർഷം തുടക്കം കുറിച്ചിട്ടുണ്ട്. വിഴിഞ്ഞം ഭാഗത്ത് നിന്നും മത്സ്യ വിൽപ്പനക്ക് പോകുന്ന വനിതകളുടെ യാത്രാ സൗകര്യാർത്ഥം വിഴിഞ്ഞം കെ.എസ്.ആർ. ടി.സി ഡിപ്പോയിൽ നിന്നും രണ്ട് ബസുകളും പൂന്തുറ ഡിപ്പോയിൽ നിന്നും ഒരു ബസുമാണ് സമുദ്ര എന്ന പേരിൽ സർവീസ് നടത്തുന്നത്.<br><br>വിഴിഞ്ഞം ഡിപ്പോയിൽ നിന്നുമുള്ള രണ്ടു സമുദ്ര ബസുകൾ ദിവസേന 10 ട്രിപ്പുകളും പൂന്തുറ ഡിപ്പോയിൽ നിന്നുള്ള ബസ് 3 ട്രിപ്പുകളും നടത്തി വരുന്നുണ്ട്.<br><br>സമുദ്ര ബസ് സർവ്വീസ് മത്സ്യക്കച്ചവടക്കാരായ വനിതകൾക്ക് വളരെയധികം പ്രയോജനപ്പെടുന്നു എന്നാണ് പ്രതികരണങ്ങളിൽ നിന്നും വിലയിരുത്തിയിട്ടുള്ളത്. |
| (ബി) | മത്സ്യത്തൊഴിലാളി വനിതകൾക്ക് ഏറെ പ്രയോജനം ലഭിക്കുന്ന സമുദ്ര ബസ് പദ്ധതി മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളി വനിതകൾ മത്സ്യ കച്ചവടത്തിൽ ഏർപ്പെടുന്നത് കൂടുതലും തിരുവനന്തപുരം ജില്ലയിലാണ്. മറ്റ ജില്ലകളിൽ നിന്നും ഇത്തരം ഒരു ആവശ്യം ഉയർന്ന് വന്നിട്ടില്ല. ആവശ്യം ഉണ്ടാകുന്ന പക്ഷം ആയത് പരിശോധിച്ച് തുടർ നടപടികൾ കൈകൊള്ളുന്നതായിരിക്കും. |
| (സി) | മത്സ്യങ്ങൾ ഗുണനിലവാരം ഉറപ്പാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | മത്സ്യത്തിന്റെ വിവിധ ഉല്പന്നങ്ങളായ റെഡി ടു ഈറ്റ്, റെഡി ടു കുക്ക്, ഡ്രൈഡ് ഫിഷ്, ഫ്രഷ് ഫിഷ്, ലൈവ് ഫിഷ് എന്നിവ ഒരു സ്ഥലത്ത് ലഭിക്കുവാൻ കഴിയും വിധം സൂപ്പർ മാർക്കറ്റ് മാതൃകയിൽ വിപണന കേന്ദ്രങ്ങൾ പരിഗണനയിലാണ്. കൂടാതെ സാഫിന്റെ |

| | | | |
|---|---|---|---|
| | | | കീഴിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ ഉൾപ്പെടുത്തി സൂപ്പർ മാർക്കറ്റ് ഏറ്റെടുക്കുവാനും കഴിയുന്നതാണ്. നിലവിൽ 69 മത്സ്യവിപണന യൂണിറ്റുകളിലായി 142 മത്സ്യത്തൊഴിലാളി വനിതകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഗുണനിലവാരമുള്ള മത്സ്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഫിഷറീസ് വകുപ്പും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)യും ചേർന്ന് ശീതീകരണ സംവിധാനത്തോടു കൂടിയ 20 കിയോസ്കുകളും കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി രൂപകല്പന ചെയ്ത 20 കിയോസ്കുകളും ആയി 40 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. 83 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.<br><br>2024 -25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ മത്സ്യസംസ്കരണ യൂണിറ്റുകളും സൂപ്പർ മാർക്കറ്റുകളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ